ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്തിമഘട്ടത്തിലുമാണ്. ഈ സോഫ്റ്റ്വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടുകൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്.

അധികഭൂമി ഏറ്റെടുക്കൽ

169 (1247) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വെയ്ക്കാവുന്ന പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ച് വരുന്നവരിൽ നിന്നെല്ലാം അധികഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കാൻ അവശേഷിക്കുന്ന മിച്ച ഭൂമി എത്ര ഏക്കർ വരും; മിച്ച ഭൂമി കണ്ടെത്താനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത മിച്ചഭൂമി എത്ര എന്ന് വ്യക്തമാക്കുമോ:

(ബി) അധിക ഭൂമി കൈവശം വയ്ക്കാൻ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഏതെങ്കിലും അപേക്ഷയെ തുടർന്നാണോ തീരുമാനം എടുത്തത്; ഭൂപരിധിയുടെ ഇളവ് ചൂഷണം ചെയ്യാൻ അവസരമാക്കുന്നതാണ് പ്രസ്തുത തീരുമാനം എന്നറിയാമോ;

(സി) പ്രസ്തുത തീരുമാന പ്രകാരം അധിക ഭൂമി കൈവശം വെയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവർ എത്ര; ജില്ല തിരിച്ച് വിശദമാക്കുമോ ; എത്ര കേസുകളിൽ ഇതിനകം അനുമതി നൽകുകയുണ്ടായി ; ആർക്കെല്ലാം; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല. നിലവിലെ കണക്കനുസരിച്ച് 1301 താലൂക്ക് ലാന്റ് ബോർഡ് കേസുകളിൽ ഉൾപ്പെട്ട 11375 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ അവശേഷിക്കുന്നു. പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി ആർജ്ജിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ജില്ലാ കളക്ടറിൽ നിന്ന് ആവശ്യപ്പെടുകയും ലഭ്യമാകുന്ന റിപ്പോർട്ടും ശിപാർശയും ലാന്റ് ബോർഡ് പരിശോധിച്ച് എസ്.എം. കേസ് എടുക്കുന്നതിനുള്ള അനുമതി താലൂക്ക് ലാന്റ് ബോർഡുകൾക്ക് നൽകുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലത്ത് 302.4500 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്; അല്ല. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(3) പ്രകാരം വ്യവസായ, വിദ്യാഭ്യാസ, ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അധിക ഭൂമി കൈവശം വയ്ക്കാൻ അനുമതി നൽകിവരുന്നുണ്ട്. ഇവ കൂടാതെ, വ്യവസായം, വൈദ്യശാസ്ത്രം, വിദ്യാഭ്യാസം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ കുറഞ്ഞത് 10 കോടി രൂപ മുതൽമുടക്കും 20 പേർക്ക് തൊഴിലും നൽകുന്ന തൊഴിൽദായകർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പുകൾ പ്രകാരവും സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സീലിംഗ് പരിധിയിൽ ഇളവ് നൽകുന്നതിന് 22-8-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 408/2015 റവന്യൂ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സർക്കാരിനു സമർപ്പിക്കുന്ന അപേക്ഷ ആരാത് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ തീരുമാനം കൈക്കൊള്ളുന്നത്. ഭൂപരിഷ്കരണ നിയമത്തിലെ 81(3)-ാം വകുപ്പുപ്രകാരം പൊതു പ്രസക്തിയുള്ള സംരംഭങ്ങളാണെന്ന് ബോധ്യമാകുന്നവയ്ക്കാണ് ഇളവ് നൽകുന്നത്.

(സി) സർക്കാരിന്റെ 22-8-2015-ലെ ജി.ഒ.(എം.എസ്) 408/2015/ ആർ.ഡി. നമ്പർ ഉത്തരവിനുശേഷം 2 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇടുക്കി-1, എറണാകുളം-1. ഇവയ്ക്ക് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

റിസോർട്ട് മാഫിയകൾ

170 (1249) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മലയോര ജില്ലകളിലെ നൂറുകണക്കിന് ഏക്കർ ഭൂമി മൂവായിരത്തിലധികം വരുന്ന റിസോർട്ട് മാഫിയകളും ഭൂപ്രമാണിമാരും കൈവശപ്പെടുത്തിയതായുള്ള പത്രവാർത്തകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി പ്രവർത്തിച്ചുവരുന്ന റിസോർട്ടുകളെക്കുറിച്ച് ലഭിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) 2005 വരെയുള്ള കൈവശ ഭൂമിക്ക് പട്ടയം നൽകാൻ സർക്കാർ എടുത്തിരുന്ന തീരുമാനത്തിന്റെ മറവിൽ റിസോർട്ട് മാഫിയകൾ നൂറുകണക്കിന് ഏക്കർ ഭൂമികൾ സ്വന്തമാക്കാനിടയാകുമായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly